**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4464** **29-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി, പിന്നാക്ക വിഭാഗങ്ങൾക്ക് ഓൺലൈൻ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരളത്തിലെ ആദിവാസി, പിന്നാക്ക, പട്ടിക വിഭാഗങ്ങൾക്കിടയിൽ ഓൺലൈൻ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ് ലെറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസലിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത 37717 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ പഠനാവശ്യത്തിനായി നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ലാപ്ടോപ്പുകൾ വിതരണം ചെയ്തുവരുന്നുണ്ട്. ടെലികോം ഇന്റർനെറ്റ് ദാതാക്കളുടെ യോഗം സർക്കാർ വിളിച്ചുചേർത്ത് കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ അനുയോജ്യമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഐ.ടി. വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഈ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതിയും നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി ഐ.ടി. മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉദ്യോഗസ്ഥരും സംയുക്തമായി വിലയിരുത്തുന്നുണ്ട്. ഇതുവരെയായി 242 |

| | | | |
|---|---|---|---|
| | | | കോളനികളിൽ കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം നൽകുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. |
| (ബി) | പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ ഓൺലൈൻ പഠനത്തിനായി സർക്കാർ എത്ര പണം ചെലവഴിച്ചു എന്ന് വിശദമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനു മാത്രമായി വകുപ്പുതലത്തിൽ പ്രത്യേകമായി പണം ചെലവഴിച്ചിട്ടില്ല. എന്നാൽ വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഓൺലൈൻ പഠനകാലത്തും അനുവദിച്ച് വരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി 3,50,91,291/- രൂപ (മൂന്ന് കോടി അമ്പത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ